പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

**2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2015 ജൂലൈ 6-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2015

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

**2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

653/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, "

ശ്രീ. ജെയിംസ് മാത്യു, "

" ഇ. പി. ജയരാജൻ, "

" സി. മോയിൻകുട്ടി, "

" എസ്. ശർമ്മ, "

" എം. വി. ശ്രേയാംസ് കുമാർ, "

" പി. തിലോത്തമൻ, "

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ ചെയർമാനായ ഞാൻ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ നാലാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 26-11-2014, 31-3-2015, 2-7-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശിപാർശകളും ചേർത്തിരിക്കുന്നു.

2015 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2015 ജൂലൈ 2.

# റിപ്പോർട്ട്

ഭാഗം I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും

ശിപാർശ

2401-00-104-86(01)—ഫാം സെക്ടറുകൾക്കുവേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി—കടാശ്വാസക്കമ്മീഷൻ

വിഹിതം : 21,27,07,000 രൂപ (പദ്ധതിയേതരം)

കടാശ്വാസത്തിനായി ആകെ ലഭിച്ച 4.2 ലക്ഷം അപേക്ഷകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള 53000 അപേക്ഷകളും വയനാട് ജില്ലയിൽ നിന്നും ലഭിച്ച 20000 പുതിയ അപേക്ഷകളും ഉൾപ്പെടെ 73279 അപേക്ഷകൾ തീർപ്പാക്കുന്നതിനും ഇതിനകം തീർപ്പാക്കിയ അപേക്ഷകളിൽ കടാശ്വാസം അനുവദിക്കുന്നതിനും അധികതുക ആവശ്യമായതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ പ്രസ്തുത ശീർഷകത്തിൽ 2500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം സർക്കാർ അനുവദിക്കുന്ന കടാശ്വാസതുക സഹകരണ സംഘം രജിസ്ട്രാർ മുഖേനയാണ് ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക്/സംഘങ്ങൾക്ക് വിതരണം ചെയ്യുന്നത്. കമ്മീഷനിൽ നിന്ന് സർക്കാരിൽ ലഭിക്കുന്ന അന്തിമ ഉത്തരവുകൾ നിലവിൽ അതത് വർഷത്തെ ബജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് കടാശ്വാസതുക അനുവദിച്ചതിന് ശേഷമാണ് തുക വിതരണം ചെയ്യുന്നതിനായി രജിസ്ട്രാർക്ക് നൽകുന്നത്. തുക വിതരണം ചെയ്യുന്നതിന് മുമ്പായി അന്തിമ ഉത്തരവുകൾ സംബന്ധിച്ച് താഴെപ്പറയുന്ന പരിശോധനകൾ നടത്തേണ്ടതാണെന്നും രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നുണ്ട് :

1. അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസതുക 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ വകുപ്പ് 5(3) പ്രകാരം അനുവദനീയമായ തുകയാണോ?

2. അന്തിമ ഉത്തരവുകൾ 2007-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങളുടെ ചട്ടം 18(2) പ്രകാരം authenticate ചെയ്തിട്ടുണ്ടോ?

3. കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്തിട്ടുള്ള വായ്പകൾ കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവയാണോ?

കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരമുള്ള കടാശ്വാസവിതരണം കൂടാതെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, പട്ടികജാതി കടാശ്വാസ പദ്ധതി, സഹകരണ വകുപ്പിന്റെ ആശ്വാസ പദ്ധതികൾ എന്നിവയും സഹകരണ വകുപ്പ് മുഖേന നടപ്പാക്കുന്നതിനാൽ മേൽപ്പറഞ്ഞ പരിശോധനകൾ നടത്തുന്നതിലുള്ള കാലതാമസംമൂലം വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് താമസമുണ്ടായിട്ടുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിച്ചശേഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽപ്പറഞ്ഞ കാലതാമസം ഒഴിവാക്കുന്നതിനായി തുക അനുവദിച്ചശേഷം അന്തിമ ഉത്തരവുകൾ രജിസ്ട്രാർക്ക് അയച്ചുകൊടുക്കുന്ന നിലവിലെ രീതി ഒഴിവാക്കി കമ്മീഷനിൽ നിന്ന് സർക്കാരിൽ ലഭിക്കുന്ന അന്തിമ ഉത്തരവുകൾ തുക അനുവദിക്കുന്നതിനു മുമ്പായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിശോധനകൾക്കായി രജിസ്ട്രാർക്ക് അയച്ചുകൊടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്ന് സമർപ്പിച്ചുകൊള്ളുന്നു.

ശിപാർശ

2401-00-108-30—കേരചക്കരയ്ക്കും കേരാമൃതത്തിനും (നീര) വേണ്ടിയുള്ള പൈലറ്റ് പ്രോജക്ടുകൾ

വിഹിതം : ഇല്ല

തെങ്ങിൻപ്പൂക്കുലയിൽ നിന്നുള്ള കേരാമൃതം (നീര), കേരചക്കര എന്നിവയുടെ ഉൽപ്പാദനത്തിനും മറ്റ് മൂന്ന് പൈലറ്റ് പ്രോജക്ടുകൾക്കും ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ, കേരള കാർഷിക സർവ്വകലാശാല നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾക്കായി 495 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

ശിപാർശ

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം—ശമ്പളം

വിഹിതം : 63,00,00,000 രൂപ (പദ്ധതി)

: 208,82,40,000 രൂപ (പദ്ധതിയേതരം)

2014-15 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ പദ്ധതി യേതര ചെലവായി കണക്കാക്കപ്പെട്ടിട്ടുള്ളത് 269.75 കോടി രൂപയാണ്. മുൻവർഷങ്ങളിലെ കണക്ക് പരിശോധിച്ചതിൻപ്രകാരം സർവ്വകലാശാലയുടെ ആവശ്യത്തിലും കുറഞ്ഞ തുകയാണ് അനുവദിക്കപ്പെട്ടുവന്നിരിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു.

2013-14 സാമ്പത്തിക വർഷം സമിതി 243.71 കോടി രൂപയുടെ ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് തുകയൊന്നുംതന്നെ വകയിരുത്തി നൽകിയിട്ടില്ല. സർവ്വകലാശാലയുടെ പ്രസ്തുത ബാധ്യത 2013-14 സാമ്പത്തിക വർഷാവസാനം 265 കോടിയായി ഉയരുമെന്ന് കണക്കാക്കപ്പെടുന്നു. ഇൻഡ്യയിലെ ഏറ്റവും നല്ല കാർഷിക വിദ്യാഭ്യാസം നൽകുന്ന സർവ്വകാലാശാല എന്ന നിലയ്ക്ക് കഴിഞ്ഞ അഞ്ചു വർഷക്കാലം തുടർച്ചയായി അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ ഭാവി പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന പ്രസ്തുത സാമ്പത്തിക ബാധ്യത തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 26500 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തെ ശമ്പളത്തിനായുള്ള ധനസഹായമായി വകയിരുത്തിയിട്ടുള്ള 208.824 കോടി രൂപയ്ക്കുപുറമെ അധികമായി 1407.6 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 27907.6 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 5, 21)

2014-15-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ കൃഷി ഡയറക്ടർ മുഖേന കേരള കാർഷിക സർവ്വകലാശാലയ്ക്ക് നീര ഉത്പാദനത്തിനായി നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലുള്ള വിഭവലഭ്യത അനുസരിച്ച് അധിക വിഹിതം അനുവദിക്കാൻ സാധിക്കുകയില്ല. മേൽ സാഹചര്യത്തിൽ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണെങ്കിൽ പരിഗണിക്കുന്നതാണെന്ന് കൃഷി ഡയറക്ടറെയും കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളറെയും രജിസ്ട്രാറെയും 19-2-2015-ലെ സർക്കാർ കത്ത് നമ്പർ 21012/എ.എഫ്2/2014/കൃഷി പ്രകാരം അറിയിച്ചിട്ടുണ്ട്.

ശിപാർശ

2401-00-110-87—കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള ഇൻഷ്വറൻസ് പദ്ധതി (ഒറ്റത്തവണ അധിക കേന്ദ്രസഹായം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

2013-14 സാമ്പത്തിക വർഷം പുനഃക്രമീകരിച്ച നാഷണൽ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് സ്കീമിൽ നിലവിലുണ്ടായിരുന്ന നാളികേര ഇൻഷ്വറൻസിനുള്ള പ്രാരംഭ പദ്ധതിയും കാലാവസ്ഥ അടിസ്ഥാനമാക്കിയുള്ള ഇൻഷ്വറൻസും ഉൾപ്പെടുത്തിയിട്ടുള്ളതായും 2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇൻഷ്വറൻസ് കമ്പനികൾ വഴി 25 പ്രധാന വിളകളെ ഇൻഷ്വർ ചെയ്യുന്ന വിപുലമായ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നതാണെന്ന് 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 4900 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തികനില മെച്ചപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള ഇൻഷ്വറൻസ് പദ്ധതിക്കായി കഴിയുന്നത്ര തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ

2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ സ്ഥിരതയുള്ള വിലനിലവാരം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വരുമാനമെങ്കിലും ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനും വിളവെടുപ്പുകാലങ്ങളിൽ നിയുക്ത ഏജൻസികൾ വഴി വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിനുള്ള ചെലവുകൾക്കുവേണ്ട തുക വിനിയോഗിക്കുന്ന ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പച്ചത്തേങ്ങ, കൊപ്ര, റബ്ബർ എന്നിവയുൾപ്പെടെയുള്ള കാർഷിക വിളകളുടെ സംഭരണത്തിന് പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

## സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയാണ് 2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ നിന്നും 13-6-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 134/2014/കൃഷി നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരഫെഡ് വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാളികേര സംഭരണ പദ്ധതിമൂലം 2013 മാർച്ച് 31 വരെ കേരഫെഡിന് ഉണ്ടായ അധിക സാമ്പത്തിക ബാദ്ധ്യതയായ 144.25 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ പ്രത്യേക സഹായമായി കേരഫെഡിന് അനുവദിച്ചിട്ടുണ്ട്. ഈ വർഷം ജൂലൈ 22 മുതൽ 29 വരെയും ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 6 വരെയും റംസാൻ-ഓണം ഫെയറുകൾ ഹോർട്ടികോർപ്പിന്റേയും വി.എഫ്.പി.സി.കെ.യുടേയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റേയും എം.പി.ഐ.യുടേയും കെപ്കോയുടേയും ആഭിമുഖ്യത്തിൽ പച്ചക്കറികൾക്ക് 30 ശതമാനവും മാംസ്യോത്പന്നങ്ങൾക്ക് 20 ശതമാനവും സബ്സിഡിയോടെ ആരംഭിക്കുവാൻ അനുവാദം നൽകുന്നതോടൊപ്പം ഈ വർഷം റംസാൻ-ഓണം ഫെയറുകൾ നടത്തിയതിന്/നടത്തുന്നതിന് സബ്സിഡി അനുവദിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലേക്കുമായി കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ പ്രോഡക്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനും (ഹോർട്ടികോർപ്പ്), വെജിറ്റബിൾസ് ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള (വി.എഫ്.പി.സി.കെ.) യ്ക്കും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനും (എസ്.എച്ച്.എം.) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും (കെപ്കോ), മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യ

(എം.പി.ഐ.)-യ്ക്കും കേരഫെഡിനും കൂടി ആകെ 6 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നും അനുവദിച്ചത് കൂടാതെ ഓണം ഫെയറുകൾ നടത്തിയതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനും (കെ.എൽ.ഡി.ബി.) കേരള ഫീഡ്സിനും കൂടി 25 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുവാനായി 5 കോടി രൂപ വീതം (10 കോടി രൂപ) 2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ അധികധന അനുമതിയിലൂടെ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1000 ലക്ഷം രൂപയ്ക്കു പുറമേ അധികധന അനുമതിയിലൂടെ 1000 ലക്ഷം രൂപ കൂടി അധികമായി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. 6-11-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരണം കർഷകരിൽ നിന്നും നടത്തുന്നതാണ് എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 5 രൂപ കൂടുതൽ നൽകി റബ്ബർ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയ്ക്ക് സർക്കാർ തുക അനുവദിക്കേണ്ടതായി വരും. ആയതിന് വേണ്ടിയുള്ള തുക അധികധന അനുമതിയിലൂടെ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തേണ്ടതായിവരും. അടിയന്തരമായി വിപണി ഇടപെടൽ നടത്തുന്നതിന് അധികധന അനുമതിയിലൂടെ തുക അനുവദിക്കാറുണ്ട്.

## ശിപാർശ

4435-01-101-95—അഗ്രി മാളുകൾ

വിഹിതം : ഇല്ല

കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിൽ അഗ്രിമാളുകൾ ആരംഭിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

## സർക്കാർ സ്വീകരിച്ച നടപടി

2014-15 വാർഷിക പദ്ധതിയിൽ 4435-01-101-94 (പ്ലാൻ) ശീർഷകത്തിൽ 'അഗ്രി മാൾ' എന്ന പദ്ധതിക്കായി ഒറ്റത്തവണ അധിക കേന്ദ്രസഹായമായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2551-01-800-90—മലയോര വികസന അതോറിറ്റി

വിഹിതം : ഇല്ല

കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയുടെ പ്രത്യേകത കാരണം സഞ്ചാരയോഗ്യമല്ലാതായിത്തീർന്ന വയനാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലെ മലയോര റോഡുകളുടെ പുനരുദ്ധാരണത്തിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ജില്ലകളിലെ മലയോര പ്രദേശങ്ങളുടെ സമഗ്രവികസനത്തിനായി 2500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

2251-01-800-91 (P) HADA എന്ന ശീർഷകത്തിൽ 70 കോടി രൂപയും 4551-01-800-98-34 (P) HADA (RIDF) എന്ന ശീർഷകത്തിൽ 40 കോടി രൂപയും നടപ്പുവർഷം മലയോര വികസനത്തിനായി വകയിരുത്തിയിട്ടുള്ളതിനാൽ മലയോര പ്രദേശങ്ങളുടെ സമഗ്രവികസനത്തിനായി 2500 ലക്ഷം രൂപ അധികമായി വകയിരുത്തുവാൻ നിർവ്വാഹമില്ല.

ശിപാർശ

2403-00-001-99—ഭരണവും നടത്തിപ്പും—നടത്തിപ്പ്

വിഹിതം : 5,59,55,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, ഫാം ഇൻഫർമേഷൻ ബ്യൂറോ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി നിലവിൽ 3 ലക്ഷം രൂപ കുടിശ്ശിക വന്നിട്ടുള്ളതായി മനസ്സിലാക്കുന്നതിനാൽ 2014-15-ൽ വകയിരുത്തിയ 1.24 ലക്ഷം രൂപയ്ക്ക് പുറമേ 3 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധികതുക ലഭ്യമായിട്ടില്ല. റീ അപ്രോപ്രിയേഷൻ മുഖേന തുക കണ്ടെത്തുന്നതാണ്.

ശിപാർശ

2403-00-001-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം : 22,25,00,000 രൂപ (പദ്ധതി)

49,65,78,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ മൃഗാരോഗ്യ പരിപാലന സംവിധാനം 210 വെറ്ററിനറി ആശുപത്രികൾ, 895 വെറ്ററിനറി ഡിസ്പെൻസറികൾ, 50 വെറ്ററിനറി പോളിക്ലിനിക്കുകൾ,

14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, ജില്ലാതലത്തിൽ 9 സഞ്ചരിക്കുന്ന ആശുപത്രികൾ/ഡിസ്പെൻസറികൾ, 14 ജില്ലാതല ക്ലിനിക്കുകൾ, 4 റീജിയണൽ രോഗനിർണ്ണയ ലാബുകൾ, ഒരു സംസ്ഥാന വന്ധ്യതാ നിവാരണ ഓഫീസ്, ഒരു സാംക്രമിക രോഗവിശകലന യൂണിറ്റ്, ഒരു കന്നുകാലി ഉൽപ്പന്ന പരിശോധനാ ലാബ്, 18 ജില്ലാതല ചെക്ക് പോസ്റ്റുകൾ എന്നിവ ഉൾപ്പെടുന്നതാണ്. പ്രസ്തുത കേന്ദ്രങ്ങൾ വഴി സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള മരുന്നുകൾ സംഭരിക്കുന്നതിന് വകയിരുത്തി യിരിക്കുന്ന 8 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 600 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം മരുന്നുകൾ വാങ്ങുന്നതിന് 8 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ 8 കോടി രൂപയുള്ള മരുന്ന് വാങ്ങുന്നതിനും കഴിഞ്ഞ വർഷങ്ങളിൽ വാങ്ങിയ മരുന്നിന്റെ തുക നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉപധനാഭ്യർത്ഥനയിലൂടെ അധികമായി ആവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല.

## ശിപാർശ

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 52,36,32,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ കന്നുകാലി വികസന പ്രോജക്ടുകളിലെ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് 2014-15-ൽ അനുവദിച്ച 1.21 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല. റീ അപ്രോപ്രിയേഷൻ മുഖേന തുക കണ്ടെത്താവുന്നതാണ്.

ശിപാർശ

2403-00-102-81—ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 13,75,00,000 രൂപ (പദ്ധതി)

ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മാംസോൽപ്പാദനം വർദ്ധിക്കുന്നതിന് 5 മുതൽ 10 വരെ അടങ്ങുന്ന കാളക്കുട്ടികളുടെ 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു പുതിയ പൗൾട്രി ഫാമും ഹാച്ചറി യൂണിറ്റും സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ ഘടകങ്ങളിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. ഇതുകൂടാതെ സാറ്റലൈറ്റ് സീഡ് ഉത്പാദനവും വിതരണവും എന്ന ഘടകത്തിൽ 120 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണ്. കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം 1375 ലക്ഷം രൂപയുടെ പദ്ധതികൾ ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തുവാൻ വിനിയോഗിക്കുന്നുണ്ട്. മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിന് കാളക്കുട്ടികളെ വളർത്തുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ശിപാർശ വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കുകയും വിജയസാധ്യതയുടെ അടിസ്ഥാനത്തിൽ കുരിയോട്ടുമലയിലെ ആട്ട വളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി ടി തുക വകമാറ്റുകയുണ്ടായി. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ബഡ്ജറ്റിന്റെ തുക വിനിയോഗിച്ചുകൊണ്ട് 600 ആട്ടുവളർത്തൽ സാറ്റ്ലൈറ്റ് യൂണിറ്റുകളും 20 താറാവുകൾ അടങ്ങുന്ന 2470 യൂണിറ്റുകളും 5 ടർക്കി കുഞ്ഞുങ്ങൾ അടങ്ങുന്ന 700 യൂണിറ്റുകളും 2 കറവ എരുമകൾ അടങ്ങുന്ന 220 യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചതിനുശേഷം മാത്രമേ തുക ഉപയോഗിക്കാവൂ എന്ന നിബന്ധനയോടെ എടവണ്ണയിൽ ഒരു പുതിയ പൗൾട്രി ഫാമും ഹാച്ചറിയും ആരംഭിക്കുന്നതിന് ആർ.കെ.വി.വൈ.യിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 19-9-2014-ലെ സ.ഉ.(അച്ചടി) നമ്പർ 400/14/ധന. ഉത്തരവുമൂലം ആവശ്യമായ തസ്തികകൾ അനുവദിച്ചു കിട്ടിയിട്ടില്ല. ലഭ്യമായ തുക വിനിയോഗിച്ചതിനുശേഷം അധിക തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

2403-00-102-80—കർഷകരുടെ രജിസ്ട്രേഷൻ

വിഹിതം : ഇല്ല

2014-15 സാമ്പത്തിക വർഷത്തിൽ കർഷകരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി പുതിയ സോഫ്റ്റ്വെയർ വികസിപ്പിച്ചെടുക്കുന്നതിനും ഡാറ്റാ എൻട്രിയിലൂടെ ക്രോഡീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

കർഷക രജിസ്ട്രേഷന് 2014-15 സാമ്പത്തിക വർഷം വികസനവും പരിശീലനവും എന്ന പദ്ധതിയിലുൾപ്പെടുത്തി 25 ലക്ഷം രൂപ ഇതിന്റെ പ്രാരംഭ നടപടികൾക്കായി വകകൊള്ളിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. 2015-16 വർഷത്തെ ബഡ്ജറ്റിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

2403-00-102-78—ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 24,00,00,000 രൂപ (പദ്ധതി)

രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കേണ്ട ഈ പദ്ധതിയിൽ 2 വർഷം കൊണ്ട് 1 ലക്ഷം കന്നുകുട്ടികളെ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യ ഗഡുവായി 50,000 കന്നുകുട്ടികളെ ഉൾക്കൊള്ളിക്കുന്നതിന് കേന്ദ്രസർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. അതോടൊപ്പം സംസ്ഥാന വിഹിതമായി 49.395 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തേണ്ടതുള്ളതിനാൽ 2014-15 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമേ 2539.5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

ആർ. കെ. വി. വൈ. പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ആർ.കെ.വി.വൈ.-ൽ തുക ലഭിക്കാത്തതു കാരണം ഇത് സംസ്ഥാന പദ്ധതിയായി നടപ്പിലാക്കുകയും 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ അനുവദിച്ചുകൊണ്ട് 38160 കന്നുകുട്ടികളെ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പാക്കിവരുകയും ചെയ്യുന്നു.

ശിപാർശ

2403-00-800-73—പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷികളെ നശിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരം

വിഹിതം : ഇല്ല

പക്ഷിപ്പനി ഉണ്ടാകുന്ന അടിയന്തര സാഹചര്യത്തിൽ വളർത്തുപക്ഷികളെ നശിപ്പിക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി 1 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

ആദ്യ ഉപധനാഭ്യർത്ഥനയിൽ പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷികളെ നശിപ്പിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിന് 1 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി ആവശ്യപ്പെട്ടുവെങ്കിലും ഈ തുക അനുവദിക്കുകയുണ്ടായില്ല. രണ്ടാം ഉപധനാഭ്യർത്ഥനയ്ക്കായി ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

**ആടുവികസന ബോർഡ്**

ബഹുമാനപ്പെട്ട ഗവർണ്ണറുടെ 2013-14-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഒരു ആട് വികസന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾക്കായി 2014-15 സാമ്പത്തിക വർഷം ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിൽ ഒരു ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

ആട് വികസന ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപയുടെ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

**ആധുനിക പന്നിവളർത്തൽ ഫാമുകൾ**

ബഹുമാനപ്പെട്ട ഗവർണ്ണറുടെ 2013-2014-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ നെതർലാന്റ് അഗ്രോ ഫുഡ് ആന്റ് ടെക്നോളജി സെന്ററിന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്ത് ആധുനിക പന്നിവളർത്തൽ ഫാമുകൾ ആരംഭിക്കുമെന്ന് പ്രതിപാദിച്ചിരുന്നു. ആയതിന്റെ പ്രാരംഭ നടപടികൾക്കായി 2014-15 സാമ്പത്തിക വർഷം ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ആയതിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാരിന്റെ (Indo-Dutch Action Plan) ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് അധിക തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2404-00-001-99-01-4—<u>മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്</u>

വിഹിതം : 1,93,000 രൂപ (പദ്ധതിയേതരം)

ക്ഷീരവികസന ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ 2013-2014-ലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് കുടിശ്ശികയ്ക്കും 2014-2015-ലെ മതിപ്പ് ചെലവിനുമായി 3.07 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2404-00-001-99-04-1—<u>ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത</u>

വിഹിതം : 2,50,000 രൂപ (പദ്ധതിയേതരം)

സ്റ്റേറ്റ് ലെവൽ ഓഫീസർമാരുടെ യാത്രയും, ഇൻസ്പെക്ഷൻ, റീകൺസിലിയേഷൻ, ഓഡിറ്റ്, ഒ. &എം. ഇൻസ്പെക്ഷൻ, പദ്ധതി അവലോകന യോഗങ്ങൾ എന്നിവയ്ക്കായി ആകെ 5 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നതിനാൽ ഈയിനത്തിൽ 2,50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-001-99-05-4—ഡയറക്ടറേറ്റ് ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 2,79,000 രൂപ (പദ്ധതിയേതരം)

പോസ്റ്റേജ് ചെലവുകൾക്കും കമ്പ്യൂട്ടർ ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, സ്റ്റേറ്റ് ഡെയറി ലാബിലെ ചെലവുകൾക്കും, വൈദ്യുതി ചാർജ് നിരക്കവർദ്ധന കണക്കിലെടുത്തും 2014-2015 സാമ്പത്തിക വർഷം അനുവദിച്ച തുകയ്ക്കു പുറമെ 5.21 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-001-99-17—ചെറുകിട മരാമത്ത് പണികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം 60 വർഷത്തോളം പഴക്കമുള്ളതാണ്. ഇതിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെവീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ മെയിൻ റോഡിൽനിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ്‌റോഡ് ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണിയും അത്യാവശ്യമാണ്. ക്ഷീര പരിശീലനകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നല്ല ഒരു ഭാഗം പുതുതായി ആരംഭിച്ച വെറ്ററിനറി സർവ്വകലാശാലയുടെ ലേസൺ ഓഫീസ് പ്രവൃത്തിക്കുന്നതിനുവേണ്ടി അനുവദിച്ചതിനാൽ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽ വച്ച് വിവിധ പരിശീലനങ്ങൾക്കായി നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്ത് ഒരു ഹാൾ നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ഡെയറി ഡയറക്ടറേറ്റ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകനയോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ പണിയേണ്ടതുണ്ട്. മുൻവർഷങ്ങളിലും ഇതു സംബന്ധിച്ച ശിപാർശ സമിതി നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2014-2015 സാമ്പത്തിക വർഷം പ്രസ്തുത ആവശ്യത്തിലേക്കായി 250 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-001-99-21-1—ഡയറക്ടറേറ്റ്—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

2012-2013-ൽ 7 മഹീന്ദ്ര ബൊലേറോ ജീപ്പുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും 2013-2014-ൽ എക്സൈസ് തീരുവ വർദ്ധിപ്പിച്ചതിനാൽ 6 എണ്ണം വാങ്ങുന്ന നടപടി മാത്രമെ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. ഏഴാമത്തെ വാഹനംകൂടി വാങ്ങേണ്ട ആവശ്യത്തിലേക്ക് ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷം 6 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

ആദ്യഘട്ട എസ്.ഡി.ജി. മുഖാന്തിരം 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2404-001-99-21-2—ഡയറക്ടറേറ്റ് —സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം: 72,000 രൂപ (പദ്ധതിയേതരം)

വാഹനങ്ങളുടെ സ്പെയർപാർട്ടുകൾ, റിപ്പയർ, ടയർ, സർവ്വീസിംഗ് എന്നിവയുടെ ചെലവ് ഗണ്യമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ 28,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-001-98-04-1—ജില്ലാ ഭരണം—യാത്രാബത്ത

വിഹിതം : 12,25,000 രൂപ (പദ്ധതിയേതരം)

14 ജില്ലാ ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക, 2014-2015 വർഷത്തെ യാത്രാബത്ത, വിരമിച്ച ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക എന്നിവയ്ക്കുവേണ്ടി 7.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2404-00-001-98-05—<u>ജില്ലാഭരണം—ഓഫീസ് ചെലവുകൾ</u>

വിഹിതം : 10,71,000 രൂപ (പദ്ധതിയേതരം)

14 ജില്ലാ ഓഫീസുകളുടെയും ഓഫീസ് ചെലവുകൾക്കും അത്യാവശ്യ ചെലവുകൾക്കും, തപാലുകൾ അയയ്ക്കുന്നതിനുമായി അനുവദിച്ചിരുന്ന തുക സാമ്പത്തിക വർഷം പകുതിയാകുമ്പോഴേക്കും തീരുന്നതാണ്. ആയതിനാൽ 2014-2015 സാമ്പത്തിക വർഷം ഈ ഇനത്തിൽ 4.58 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2404-00-001-98-06—<u>ജില്ലാഭരണം—വാടക, കരം, നികുതി</u>

വിഹിതം : 1,92,000 രൂപ (പദ്ധതിയേതരം)

ജില്ലാ ഓഫീസുകളുടെ വാടകക്കുടിശ്ശിക നൽകുന്നതിന് ഈ ഇനത്തിൽ 6.08 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതു പ്രകാരം യഥാർത്ഥ ആവശ്യത്തിനുള്ള ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-001-98-21—ജില്ലാഭരണം—മോട്ടോർ വാഹനങ്ങൾ

വിഹിതം : 4,27,000 രൂപ (പദ്ധതിയേതരം)

ജില്ലാ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈയിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2014-2015-ലേക്ക് 3.23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-001-97-04-1—വികസന പ്രവർത്തന ഘടകങ്ങൾ—യാത്രാബത്ത

വിഹിതം : 5,62,000 രൂപ (പദ്ധതിയേതരം)

152 ഡെയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശികയും 2014-2015 വർഷത്തെ യാത്രാബത്തയും നൽകുന്നതിനും വിരമിച്ച ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമാണെന്നു കാണുകയാൽ ഈ ഇനത്തിൽ 14.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-102-96-34—ഗ്രാമീണ ക്ഷീര വ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ—മറ്റു ചെലവുകൾ

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള അഞ്ചു പരിശീലന കേന്ദ്രങ്ങൾ വഴി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക, സെമിനാറുകൾ, ജില്ലാ/ബ്ലോക്ക് ക്ഷീരകർഷക സംഗമങ്ങൾ, ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ, വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് സംസ്ഥാനത്തിനകത്തും പുറത്തും സെമിനാറുകൾ, ശില്പശാലകൾ, പരിശീലനം, സ്കൂളുകളിൽ ഡെയറി ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനും

മികച്ച ക്ഷീരകർഷകർക്ക് അവാർഡ്, ക്ഷീരവികസനത്തിന് മികച്ച സാധ്യതയുള്ള ബ്ലോക്കുകളിൽ ഫാം ഫീൽഡ് സ്കൂളുകൾ സ്ഥാപിക്കൽ, ക്ഷീര കർഷകർക്കുണ്ടാകുന്ന അപ്രതീക്ഷിത നഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനും ക്ഷീരവികസന ഓഫീസുകളിൽ ക്ഷീരകർഷകർക്ക് ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുമാണ് ഈ ശീർഷകത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്. 2012-2013-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ 20 പുതിയ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കൂടാതെ 2009-2010-ൽ നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന്റെ 83-ാം ഖണ്ഡികയിലും പുതിയ 20 ക്ഷീരവികസന യൂണിറ്റുകൾ തുടങ്ങുന്ന കാര്യം ആവശ്യപ്പെട്ടിരുന്നു. ഇതിനുവേണ്ടി പ്രൊപ്പോസലുകൾ വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ടെങ്കിലും നടപടികൾ പുരോഗമിച്ചിട്ടില്ല. പുതിയ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിക്കുന്നതിനും 2013-14 വർഷത്തിൽ അപ്രതീക്ഷിതമായുണ്ടായ വെള്ളപ്പൊക്കക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്കും കുളമ്പുരോഗബാധമൂലം ഉരുക്കൾ മരണപ്പെട്ട് നഷ്ടമനുഭവിച്ച എല്ലാ കർഷകർക്കും ധനസഹായം നൽകുന്നതിന് കണ്ടിൻജൻസി ഫണ്ടിനത്തിൽ മതിയായ തുക ലഭ്യമല്ലായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തി എന്റർപ്രിണർഷിപ്പ് ആന്റ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമും നടപ്പിലാക്കുന്നതിനായി 160 ലക്ഷവും ഉൾപ്പെടെ 545 ലക്ഷത്തിന്റെ പ്രൊപ്പോസൽ വകുപ്പ് സമർപ്പിച്ചിരുന്നതിൽ 350 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തി നൽകിയത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 195 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതു പ്രകാരം യഥാർത്ഥ ആവശ്യത്തിനുള്ള ധനപുനർ വിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

ഈ ശീർഷകത്തിൽ വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് ലഭ്യമാക്കുമെന്ന് 2013-2014 ബഡ്ജറ്റ് പ്രസംഗത്തിൽ വാഗ്ദാനം ചെയ്യുകയും ആയതിന് 15 കോടി രൂപ വകയിരുത്തുമെന്നും പറഞ്ഞിരുന്നെങ്കിലും 6 കോടി മാത്രമാണ് അനുവദിച്ചത്. ഒരു രൂപ നിരക്കിൽ വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകണമെങ്കിൽ ആകെ 4750 ലക്ഷം രൂപയാണ് ആവശ്യമായത്. 2013-14-ൽ ആർ.കെ.വി.വൈ. പദ്ധതിയിലൂടെ ഇതിന്റെ തുക ലഭ്യമായിട്ടില്ല. 1000 ലക്ഷം രൂപ കൂടിയെങ്കിലും ഈ ഇനത്തിൽ അനുവദിച്ചാൽ മാത്രമേ 5 മാസത്തേക്കെങ്കിലും കർഷകർക്ക് പ്രസ്തുത സഹായമെത്തിക്കാൻ കഴിയുകയുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതു പ്രകാരം യഥാർത്ഥ ആവശ്യത്തിനുള്ള ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം : ഇല്ല

നിലവിലുള്ള ലാബുകളിൽ ആവശ്യമായ തസ്തികകൾ ഇല്ലാത്തത് അവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇതിനാവശ്യമായ പ്രൊപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. 5 മേജർ ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനാ സംവിധാനം ഒരുക്കുന്നതാണെന്ന ബഹുമാനപ്പെട്ട കേരളാ ഗവർണ്ണറുടെ 2014-ലെ നയപ്രഖ്യാപന പ്രസംഗത്തിലെ പരാമർശ പ്രകാരം പ്രാരംഭ ചെലവുകൾക്കായി 250 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി

3-6-2014-ലെ സ.ഉ. (സാധാ.) നമ്പർ 5112/2014/ഫിൻ. വഴി ധനപുനർവിനിയോഗത്തിലൂടെ തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2404-00-109-93—മിൽക്ക് ഷെഡ്ഡ് വികസന പദ്ധതി

വിഹിതം : 37,50,00,000 രൂപ (പദ്ധതി)

2014-2015-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ ആകെ 3750 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2900 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. തീറ്റപ്പുൽക്കൃഷി വികസനത്തിനും കേരള ക്ഷീരകർഷകക്ഷേമനിധി ബോർഡിനുള്ള തുകകൾ കൂടി ഈ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2404-00-109-93 ശീർഷകത്തിൽ നിന്നും 800 ലക്ഷം രൂപ 2404-00-800-84 എന്ന ശീർഷകത്തിലേക്കും 50 ലക്ഷം രൂപ 2404-00-800-79 എന്ന ശീർഷകത്തിലേക്കും മാറ്റി അനുവദിച്ച് നൽകേണ്ടതുണ്ട്. എങ്കിൽ മാത്രമെ ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം ഈ ശീർഷകത്തിൽ നിന്നും തുകകൾ മാറ്റി അനുവദിച്ചുനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

തീറ്റപ്പുൽക്കൃഷി വികസനത്തിന്റെ 2404-00-800-84 എന്ന ശീർഷകത്തിനു പകരമായി 2404-00-102-77 എന്ന ശീർഷകം അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിലേക്ക് തീറ്റപ്പുൽക്കൃഷിയ്ക്കുള്ള തുക റീ അപ്രോപ്രിയേഷൻ ചെയ്ത് ലഭിച്ചിട്ടുണ്ട്.

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള തുക 2404-00-800-79 എന്ന ശീർഷകത്തിനു പകരം 2404-00-102-76 എന്ന ശീർഷകത്തിലേക്ക് 500 ലക്ഷം രൂപ റീ അപ്രോപ്രിയേറ്റ് ചെയ്ത് ലഭിച്ചിട്ടുണ്ട്.

ശിപാർശ

പ്രസ്തുത പരിപാടിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിലെ ഒരു പ്രത്യേക പ്രദേശത്തെ ക്ഷീരമേഖലയുടെ വികസനത്തിനും അവിടുത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പശ്ചാത്തലസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി പ്രത്യേക ആവശ്യാധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുകയും മിനി ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ബഡ്ജറ്റ് പ്രസംഗത്തിൽ എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമമാക്കി മാറ്റുമെന്ന് പരാമർശിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിച്ചത് പ്രകാരം കുന്നുകര ക്ഷീരഗ്രാമ പദ്ധതിക്ക് പത്ത് ലക്ഷം രൂപ ലഭ്യമായിരുന്നു. പ്രസ്തുത പദ്ധതിക്കായി അധിക തുക അനുവദിക്കുന്നതിന് രണ്ടാം ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

2404-00-109-98-04-1—ക്ഷീരവികസന പരിശീലനകേന്ദ്രം—യാത്രാബത്ത

വിഹിതം : 86,000 രൂപ (പദ്ധതിയേതരം)

5 ക്ഷീരപരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശികയും 2014-2015 വർഷത്തെ യാത്രാബത്തയും നൽകുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3.14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-109-98-04-2—ക്ഷീരവികസന പരിശീലനകേന്ദ്രം—സ്ഥലംമാറ്റ ബത്ത

വിഹിതം: 19,000 രൂപ (പദ്ധതിയേതരം)

ക്ഷീരപരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് നൽകേണ്ട സ്ഥലംമാറ്റ ബത്തയിലെ കുടിശ്ശിക തീർക്കുന്നതിന് 81,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-109-98-05-1—ക്ഷീരപരിശീലന കേന്ദ്രം—വെള്ളക്കരം

വിഹിതം : 3,000 രൂപ (പദ്ധതിയേതരം)

ക്ഷീരപരിശീലന കേന്ദ്രങ്ങളിലെ വെള്ളക്കരം കുടിശ്ശിക നൽകുന്നതിന് 1.47 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

യഥാർത്ഥ ആവശ്യത്തിനുള്ള ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതുപ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-109-98-05-3—ക്ഷീരപരിശീലന കേന്ദ്രം—ടെലിഫോൺ ചാർജ്

വിഹിതം : 11,000 രൂപ (പദ്ധതിയേതരം)

ക്ഷീരപരിശീലന കേന്ദ്രങ്ങളിലെ ടെലിഫോൺ ചാർജിനത്തിൽ വന്നിട്ടുള്ള കുടിശ്ശിക തീർക്കുന്നതിന് 1.89 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

യഥാർത്ഥ ആവശ്യത്തിനുള്ള ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതുപ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-195-94—ക്ഷീരസംഘങ്ങൾക്ക് സഹായം

വിഹിതം : 20,50,00,000 രൂപ (പദ്ധതി)

2014-2015 സാമ്പത്തിക വർഷം 2404-00-195-94 എന്ന ശീർഷകത്തിൽ 2050 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ടിരുന്നത് 1550 ലക്ഷം രൂപയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1550 ലക്ഷം രൂപ വകകൊള്ളിക്കുകയും ബാക്കി 500 ലക്ഷം രൂപ 2404-00-109-95-Strengthening of Quality Control Labs എന്ന ശീർഷകത്തിലേക്ക് മാറ്റി അനുവദിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

റീ അപ്രോപ്രിയേഷൻ നടത്തി ഉത്തരവ് ലഭ്യമായിട്ടുണ്ട്.

[3-6-2014-ലെ സ.ഉ. (സാധാ.) നമ്പർ 5112/2014/ഫിൻ.]

ശിപാർശ

2404-00-195-90—ക്ഷീരസംഘങ്ങൾക്ക് സഹായം (ACA)

വിഹിതം : ഇല്ല

മലബാർ മേഖലാ യൂണിയൻ മുഖേന സ്റ്റെറിലൈസ്ഡ് മിൽക്ക് മാനുഫാക്ചറിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2404-00-800-99-02—കന്നുകാലിത്തീറ്റ കൃഷി—വലിയതുറ സ്വീവേജ് ഫാം—വേതനം

വിഹിതം : 1,36,37,000 രൂപ (പദ്ധതിയേതരം)

വലിയതുറ സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ വേതനം, ക്ഷാമബത്ത എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമാണെന്നു കാണുകയാൽ ആയതിനായി 2014-2015 സാമ്പത്തികവർഷത്തേക്ക് 53.63 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് പൂർണ്ണമായി വിനിയോഗിച്ചശേഷം മാറ്റിവയ്ക്കാനാകാത്ത ചെലവുകൾക്ക് അധിക തുക, ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2404-00-800-79—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

വിഹിതം : ഇല്ല

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം വർദ്ധിച്ചതിനാലും സാമൂഹികസുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായം വർദ്ധിപ്പിക്കേണ്ടതിനാൽ 1240 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

റീ അപ്രോപ്രിയേഷൻ മുഖാന്തിരം, പുതിയ ശീർഷകം (2404-00-102-76) അനുവദിച്ച്, 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-101-87—നഴ്സറികൾ സ്ഥാപിക്കൽ

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

പൊയ്യ നെയ്തൽ പൈതൃക മത്സ്യ ഗ്രാമപദ്ധതി പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

പൊയ്യയിൽ സുവനീർ ഷോപ്പ്, ഓഡിയോ വിഷ്വൽ റൂം എന്നിവയുടെ നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷം 2405-00-101-87 എന്ന ശീർഷകത്തിൽ നിന്നും 42.65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പൊയ്യ പൈതൃക മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് ടി തുക അപര്യാപ്തമായതിനാൽ 400 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനായി 2014-15-ലെ അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

2405-00-101-71—തൃശ്ശൂരിലെ കോൾനിലങ്ങളിലും കുട്ടനാട്ടിലെ വയലുകളിലും സംയോജിത മത്സ്യക്കൃഷി

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

50 ഹെക്ടർ ഓരുജല പ്രദേശത്ത് ശാസ്ത്രീയ രീതികൾ അവലംബിച്ച് ചെമ്മീൻകൃഷി നടപ്പാക്കുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം കർഷകർക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷം 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

തൃശ്ശൂരിലെ കോൾനിലങ്ങളിലും കുട്ടനാട്ടിലെ വയലുകളിലും സംയോജിത മത്സ്യകൃഷിക്കായി 2405-00-101-71-(പ്ലാൻ) ശീർഷകത്തിൽ നിന്നും 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തുവാൻ 2014-15-ലെ അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

2405-00-101-62—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

2014-2015 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അക്വാ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് 230 ലക്ഷം രൂപയും വേമ്പനാട്ട് കായലിലെ കളവാഴ യന്ത്രസഹായത്തോടെ നിർമ്മാർജ്ജനം ചെയ്യുന്നതിന് 250 ലക്ഷം രൂപയും ഉൾപ്പെടെ 480 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി

2405-00-101-62-(പ്ലാൻ) ശീർഷകത്തിൽ അക്വാ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അധികമായ തുക ഉപധനാഭ്യർത്ഥനവഴി വകയിരുത്തുന്നതിനായി 2014-15 സാമ്പത്തികവർഷത്തെ ആദ്യബാച്ചിലും രണ്ടാം ബാച്ചിലും പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല 2014-15 സാമ്പത്തികവർഷത്തെ എസ്.ഡി.ജി. അവസാന ബാച്ചിലുൾപ്പെടുത്തി 232.55 ലക്ഷം രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജിൽ നിന്നുള്ള ധനസഹായപ്രകാരമാണ് കുളവാഴ നിർമ്മാർജ്ജന പദ്ധതി ഫിർമ മുഖേന നടപ്പാക്കിയിട്ടുള്ളത്. അതിന്റെ കാലാവധി 20-6-2014-ൽ അവസാനിച്ചു. പദ്ധതി തുടർന്നും ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്താൻ കഴിഞ്ഞിട്ടില്ല

ശിപാർശ

2405-00-103-88—ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന പദ്ധതി

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2012-2013-ൽ അധികം ആവശ്യമുണ്ടായിരുന്ന 2 കോടി രൂപയും 2013-2014-ൽ അധികം ആവശ്യമുണ്ടായിരുന്ന 4 കോടി രൂപയും 2014-2015 വർഷം അധികമായി വേണ്ടിവരുന്ന 4 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

ഖണ്ഡിക 91 പ്രകാരമുള്ള ശിപാർശ പ്രകാരം അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിട്ടുള്ള 1000 ലക്ഷം രൂപ ആദ്യബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കാൻ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത ഫണ്ട് ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയിട്ടില്ല.

ശിപാർശ

2405-00-105-96—മൂല്യവർദ്ധിത വിപണി

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

മുൻവർഷങ്ങളിൽ ഏറ്റെടുത്ത് നിർമ്മാണം ആരംഭിച്ച മത്സ്യ മാർക്കറ്റുകളുടെ പൂർത്തീകരണത്തിനായും 2014-2015-ൽ വിഭാവനം ചെയ്തിരിക്കുന്ന 13 മത്സ്യ മാർക്കറ്റുകൾക്ക് വേണ്ടതായ അധികതുകയും ചേർത്ത് 248.61 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ 10 ഫിഷ് മാർക്കറ്റുകളുടെ നവീകരണത്തിനായി 150 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി മാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ പ്രതീക്ഷിച്ച രീതിയിൽ പുരോഗമിക്കാത്തതിനാൽ അധികതുക വേണ്ടിവന്നിട്ടില്ല. ഫിഷ് മാൾ, ഫിഷ് പ്രോസസിംഗ് സെന്റർ എന്നിവയുടെ നിർമ്മാണത്തിനായി നടപ്പുസാമ്പത്തികവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനായി 2014-15 സാമ്പത്തികവർഷം ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2405-00-105-90—അടിമാലിത്തുറ മാതൃകാ മത്സ്യബന്ധന ഗ്രാമവികസനം

വിഹിതം : ഇല്ല

2013-2014 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന അടിമാലിത്തുറ മാതൃകാ മത്സ്യബന്ധന ഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിന് 2014-2015 സാമ്പത്തിക വർഷം 470 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സർക്കാർ സ്വീകരിച്ച നടപടി

ഖണ്ഡിക 93 പ്രകാരം ശിപാർശ ചെയ്തിട്ടുള്ള അടിമാലിത്തുറ മാതൃകാ മത്സ്യ ഗ്രാമവികസന പദ്ധതിക്കായി 2013-14 സാമ്പത്തികവർഷം 74 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നിന്ന് ലഭിച്ചിട്ടില്ലാത്തതുകൊണ്ട് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായിട്ടുള്ള 396 ലക്ഷം രൂപ കൂടി ലഭ്യമാക്കുന്നതിനുള്ള എസ്.ഡി.ജി. ശിപാർശ ഫിഷറീസ് ഡയറക്ടർ നൽകിയിട്ടില്ല.

ശിപാർശ

2405-00-190-97—ഫിഷ് പ്രോസസ്സിംഗ് കേന്ദ്രങ്ങളും ഫിഷ് മാളുകളും ആധുനിക ഫിഷ് മാർക്കറ്റുകളും

വിഹിതം : ഇല്ല

2014-2015 സാമ്പത്തികവർഷത്തിൽ ഫിഷ് മാളുകളുടെ നിർമ്മാണത്തിനായി 990 ലക്ഷം രൂപയും ഫിഷ് പ്രോസസ്സിംഗ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 650 ലക്ഷം രൂപയും ചേർത്ത് ആകെ 1640 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ 10 ഫിഷ് മാർക്കറ്റുകളുടെ നവീകരണത്തിനായി 150 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി മാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ പ്രതീക്ഷിച്ച രീതിയിൽ പുരോഗമിക്കാത്തതിനാൽ അധികതുക വേണ്ടിവന്നിട്ടില്ല. ഫിഷ് മാൾ, ഫിഷ് പ്രോസസ്സിംഗ് സെന്റർ എന്നിവയുടെ നിർമ്മാണത്തിനായി നടപ്പുസാമ്പത്തികവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനായി 2014-15 സാമ്പത്തികവർഷം ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 9,00,00,000 രൂപ (പദ്ധതിയേതരം)

രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ, വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന 67000-ത്തോളം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രതിവർഷം 15 കോടി രൂപ ആവശ്യമാണ്. 2013-2014 വർഷത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള 7 കോടി രൂപയും 2014-2015 വർഷത്തെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുക്കുന്നതിനായി അധികം ആവശ്യമായ 6 കോടി രൂപയും ചേർത്ത് 2014-2015 സാമ്പത്തികവർഷം 1300 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

രജിസ്റ്റർചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി പ്രതിവർഷം 15 കോടി രൂപ ആവശ്യമായി വരുന്നതാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയാണ് അനുവദിച്ചത്. ടി തുക മുൻവർഷങ്ങളിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനു ഉപയോഗിക്കുകയും ചെയ്തു. ടി ആവശ്യത്തിനായി കൂടുതൽ തുക അനുവദിച്ചു നൽകണമെന്ന് ജില്ലാ ആഫീസർമാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2014-15 വർഷത്തിലെ ആദ്യബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി 20,36,00,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ആയതനുസരിച്ച് 2014-15-ന് ആദ്യബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ 15,00,00,000 രൂപ വകയിരുത്തുകയും ആയത് ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2405-00-800-76—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ. സി. ഡി. സി. സഹായം—സംസ്ഥാന വിഹിതം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ഈ ശീർഷകത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടില്ല. ആയതിനാൽ 2012-2013, 2013-2014 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടേയും 2014-2015 വർഷത്തിൽ നടപ്പിലാക്കേണ്ട ഐ.എഫ്.ഡി.പി. 2013-2014 പദ്ധതിയുടേയും പൂർത്തീകരണത്തിനായി 2092.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

മുൻവർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുഴുവൻ തുകയും നൽകിയിട്ടില്ല. 2011-12, 2012-13 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾക്കും 2014-15 വർഷത്തിൽ നടപ്പിലാക്കേണ്ട ഐ.എഫ്.ഡി. 2013-14 പദ്ധതിയും അംഗീകരിച്ച പ്രകാരം പൂർത്തിയാക്കണമെങ്കിൽ സബ്സിഡി ഇനത്തിൽ ആകെ 1439.81 ലക്ഷം രൂപ ആവശ്യമായി വരും. ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയിൽ ആവശ്യമായ ഷെയർ 620.07 ലക്ഷം രൂപ സബ്സിഡിയിൽ 553.06 ലക്ഷം രൂപ എന്നിങ്ങനെ 2014-15-ലെ ആദ്യബാച്ച് ഉപധനാഭ്യർത്ഥനവഴി നൽകുകയുണ്ടായി. അങ്ങനെ ആകെ 1173.13 ലക്ഷം രൂപ റിലീസ് ചെയ്തു നൽകുകയുണ്ടായി. ഐ.എഫ്.ഡി.പി. 2012-13-ന്റെ ഇംപ്ലിമെന്റേഷനായി 649.28 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി 2014-15-ലെ രണ്ടാം ബാച്ചിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുവദിക്കുകയുണ്ടായില്ല. ആയതിനായി ഉപധനാഭ്യർത്ഥനവഴി അനുവദിക്കാൻ 2014-15-ലെ അവസാന ബാച്ചിലുൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശിപാർശ

2405-00-800-10—തീരമൈത്രി സേവനസഹായം

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

മുൻവർഷത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട് കായലിനോട് ചേർന്ന് താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ജീവനോപാധി കണ്ടെത്തുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനുമായി 2014-2015 സാമ്പത്തികവർഷം 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ 2405-00-800-10 (പ്ലാൻ) ശീർഷകത്തിൽ 500 ലക്ഷം രൂപ തീരമൈത്രി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100 ലക്ഷം രൂപ

പദ്ധതി നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തീരമൈത്രി പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റ് ശീർഷകത്തിൽ അവശേഷിക്കുന്ന 400 ലക്ഷം രൂപ മതിയാകുന്നതാണ്.

<u>ശിപാർശ</u>

4405-00-109-99—<u>മത്സ്യകൃഷി പരിശീലനകേന്ദ്രം സ്ഥാപിക്കൽ</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം, കോട്ടയം ജില്ലയിലെ പള്ളം, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, തൃശ്ശൂർ ജില്ലയിലെ അഴിക്കോട്, പാലക്കാട് ജില്ലയിലെ മലമ്പുഴ എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ ഓഫീസുകളോട് ചേർന്ന് മത്സ്യകൃഷിയും പരിശീലന കേന്ദ്രങ്ങളും ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്നും വകുപ്പിന്റെ നിലവിലുള്ള ജീവനക്കാരുടെ സേവനം വിനിയോഗിക്കുന്നതാണ് എന്നും സമിതി മനസ്സിലാക്കുന്നു. 2014-2015 വർഷം മരാമത്തുപണികൾ (123.56 ലക്ഷം രൂപ), ചാർജ്ജുകൾ (24.72 ലക്ഷം രൂപ), യന്ത്രസാമഗ്രികളും ഉപകരണങ്ങളും (1.72 ലക്ഷം രൂപ) എന്നീ ഘടകങ്ങളിലായി ആകെ 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മേൽ പ്രസ്താവിച്ച ഓരോ യൂണിറ്റിനും 50 ലക്ഷം രൂപ നിരക്കിൽ ആകെ 250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അധികമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം, കോട്ടയം ജില്ലയിലെ പള്ളം, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, തൃശ്ശൂർ ജില്ലയിലെ അഴിക്കോട്, പാലക്കാട് ജില്ലയിലെ മലമ്പുഴ എന്നിവിടങ്ങളിൽ മത്സ്യകൃഷി പരിശീലനകേന്ദ്രം തുടങ്ങുന്നതിനായി ഈ വർഷം യഥാക്രമം 40 ലക്ഷം, 30 ലക്ഷം, 20 ലക്ഷം, 30 ലക്ഷം, 30 ലക്ഷം രൂപ എന്നിവ വീതം 4405-00-109-99 (പ്ലാൻ) എന്ന ശീർഷകത്തിൽ ആകെ 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനായി 2014-15-ലെ അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-800-80—<u>തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ</u>

വിഹിതം : 55,00,00,000 രൂപ (പദ്ധതിയേതരം)

തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 2014-2015 വർഷത്തെ ബഡ്ജറ്റിൽ 107.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 55 കോടി

യാണ് അനുവദിച്ചിട്ടുള്ളത്. നടന്നുവരുന്ന പ്രവൃത്തികൾക്കും ഭരണാനുമതി ലഭ്യമായ തുകയ്ക്കും അനുസൃതമായി 5250 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അനുവദിച്ച 55 കോടി രൂപ ചെലവഴിച്ചതിനു ശേഷം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ നൽകുന്നതാണ്.

ശിപാർശ

4405-00-800-78—ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം

വിഹിതം : ഇല്ല

ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയുടെ വടക്കുഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി 635 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. റീ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 500 ലക്ഷം രൂപ 2014-2015 സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 286 ലക്ഷം രൂപ അനുവദിക്കുന്നതിനായി 2014-15-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ നൽകിയെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശിപാർശ

4405-00-800-76—സംയോജിത തീരദേശ വികസനം

വിഹിതം : ഇല്ല

ഭരണാനുമതി ലഭിച്ച പൊന്നാനി താലൂക്ക് ആശുപത്രി ഐ.പി. ബ്ലോക്ക് നിർമ്മാണത്തിനായി 200 ലക്ഷം രൂപയും പുതുതായി ആയുഷ് ആശുപത്രി നിർമ്മാണത്തിന് അധികമായി ആവശ്യമുള്ള 34 ലക്ഷം രൂപയും ചേർത്ത് 234 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സർക്കാർ സ്വീകരിച്ച നടപടി

പൊന്നാനി താലൂക്ക് ഹോസ്പിറ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിടം പൊളിച്ചു നീക്കുന്നതിനുള്ള അനുമതി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ലഭിക്കാത്തതിനാൽ പൊന്നാനി നഗരസഭ ഇതുവരെയും സ്ഥലം വിട്ടുനൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

പൂത്തറ ആയുഷ് ഹോസ്പിറ്റലിന്റെ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും പ്രാദേശിക പ്രശ്നം കാരണം നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

<u>ശിപാർശ</u>

<u>എറണാകുളം നെറ്റ് ഫാക്ടറിയിലെ പഴയ വലനിർമ്മാണ യന്ത്രങ്ങൾ ഘട്ടംഘട്ടമായി മാറ്റി പുതിയ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

മത്സ്യത്തൊഴിലാളികൾക്ക് ഗുണമേന്മയേറിയ മത്സ്യബന്ധനവലകൾ വിതരണം ചെയ്യുന്നതിനായി സർക്കാർ സംവിധാനത്തിൽ 1960-കളിൽ പ്രവർത്തനം ആരംഭിച്ച നെറ്റ് ഫാക്ടറിയാണ് എറണാകുളം നെറ്റ് ഫാക്ടറി. ഈ ഫാക്ടറിയിൽ മുൻപ് സ്ഥാപിച്ചിട്ടുള്ള വിദേശനിർമ്മിത മെഷീനുകളുടെ പ്രവർത്തനക്ഷമത പുതിയ മെഷീനുകളെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞുവരുന്നതിനാൽ പഴയ മെഷീനുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയ മെഷീനുകൾ സ്ഥാപിച്ചുകൊണ്ട് ഫാക്ടറിയുടെ ഉൽപ്പാദനശേഷി പുനഃസ്ഥാപിക്കുന്നതിനായി അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഇതിനായി 2014-2015-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനായി ഒരു പ്രത്യേക ശീർഷകം ആരംഭിക്കണമെന്നും 2014-2015 വർഷത്തേക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ എറണാകുളത്ത് പ്രവർത്തിച്ചുവരുന്ന വലനിർമ്മാണശാലയിൽ ബഹു. സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 5 കോടി രൂപ ഉപയോഗിച്ച് ഘട്ടംഘട്ടമായി പഴയ മെഷീനുകൾ മാറ്റി ആദ്യഘട്ടത്തിൽ 7 പുതിയ വിദേശനിർമ്മിത മെഷീനുകൾ വാങ്ങി സ്ഥാപിച്ചുകൊണ്ട് ഫാക്ടറിയുടെ ഉൽപ്പാദനശേഷി കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ചുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് ഭരണാനുമതി ന്യൂ സർവ്വീസ് പ്രൊസിഡ്യുയർ നടപടിക്രമം പാലിച്ച് ലഭിക്കുന്നതിനായി ആകെ 550 ലക്ഷം രൂപ പദ്ധതി തുകയായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ 500 ലക്ഷം രൂപ സർക്കാർ വിഹിതവും 50 ലക്ഷം രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ മത്സ്യഫെഡ് വിഹിതവുമാണ്.

125-ാം ഖണ്ഡികയിലെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന 2014-15-ന്റെ ആദ്യബാച്ചിൽ തുക വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും 4405-00-195-95 (Plan) എന്ന പുതിയ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതിക്കായി 500 ലക്ഷം രൂപ രണ്ടാം ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി വീണ്ടും പ്രൊപ്പോസൽ നൽകിയെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

ശിപാർശ

മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പദ്ധതി

മത്സ്യ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുവാൻ മത്സ്യവിപണനശാലകൾ (മത്സ്യഫെഡ് ഫിഷ് മാർട്ട്) എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനായി 2014-2015 ബഡ്ജറ്റിൽ കോർപ്പറേഷനുകൾക്ക് 4 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 3 ലക്ഷം രൂപയും പഞ്ചായത്തുകൾക്ക് 2 ലക്ഷം രൂപയും വീതം പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ഹൈടെക് ഫിഷ്സ്റ്റാൾ സ്ഥാപിക്കുന്നതിന് ഏകദേശം 7.50 ലക്ഷം രൂപ ആവശ്യമായി വരും. ഇത് പരിഗണിച്ച് മത്സ്യഫെഡ് സ്ഥാപിക്കുന്ന ഓരോ ഫിഷ് മാർട്ടിനും 7.50 ലക്ഷം രൂപ വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധതരത്തിൽ നൽകുന്നതിന് പകരം മൊത്തമായി മത്സ്യഫെഡിന് മാർട്ട് ഒന്നിന് 7.50 ലക്ഷം രൂപ തോതിൽ നിജപ്പെടുത്തി അനുവദിച്ചുനൽകുവാൻ നടപടി സ്വീകരിക്കണമെന്നും ഇതിനായി ഒരു പുതിയ ശീർഷകം അനുവദിച്ച് ആയതിൽ 2014-2015 വർഷം 3000 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പദ്ധതിക്കായി 4405-00-105-98 (Plan) എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

ഭാഗം II

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകൾ

## കൃഷി വകുപ്പ്

2401-00-104-81—സമഗ്ര പൂന്തോട്ട പദ്ധതി

വിഹിതം : ഇല്ല

2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സംയോജിത മാതൃകാ പൂന്തോട്ട പദ്ധതി. ഒരു ഏക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക-ഫല-പുഷ്പ വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് ഏക്കറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. ഓരോ പഞ്ചായത്തിലും ഇത്തരം പത്ത് കൃഷിത്തോട്ടങ്ങൾ എന്ന നിരക്കിൽ 10000 സംയോജിത

മാതൃകാ കൃഷിത്തോട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സജ്ജീകരിക്കുന്നതാണ്. ഒരു യൂണിറ്റിൽ കാർഷിക-ഫല-പുഷ്പ വിളകൾക്കൊപ്പം കോഴി/കാട/മുയൽ/താറാവ്/ടർക്കി/മത്സ്യം/തേനീച്ച/കൂൺ എന്നിവയിൽ ഏതെങ്കിലും മൂന്ന് ഘടകങ്ങൾകൂടി ഉൾപ്പെടും. 10 കോടി രൂപയുടെ പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തേക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

2401-00-104-80—ജൈവ കൃഷിക്കുവേണ്ടിയുള്ള കേരള ബ്രാൻഡ്

വിഹിതം : ഇല്ല

ജൈവകൃഷിയുടെ വികസനത്തിനും അതുവഴി ഒരു ആഗോള ബ്രാൻഡ് വികസിപ്പിക്കുന്നതിനും സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഘട്ടംഘട്ടമായ വികസനം ലക്ഷ്യമിടുന്ന ഈ രംഗത്ത് ആദ്യമായി കാസറഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചു ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജൈവകൃഷിക്ക് കേരള ബ്രാൻഡ് എന്ന പദ്ധതിക്കായി ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകളിൽ 9 കോടി രൂപയുടെ ജൈവകൃഷി പ്രോത്സാഹന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കാസറഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ താലൂക്കുകളെ ജൈവ താലൂക്കുകളായി വികസിപ്പിച്ചെടുക്കുന്നതിനും ഗന്ധകശാലപോലുള്ള പ്രാദേശികയിനം ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ പിൻബലം നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1809/2013/എ.ഡി. തീയതി 10-10-2013 പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തേക്ക് 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

2401-00-108-36—അടയ്ക്കാ കർഷകർക്കുള്ള പ്രത്യേക പദ്ധതി

വിഹിതം : ഇല്ല

2014-15-ലെ ബഡ്ജറ്റിൽ കാസറഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി 10 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ള മാതൃകയിൽ മറ്റ് ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 2500 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

2401-00-115-99—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം : 32,79,00,000 രൂപ (പദ്ധതിയേതരം)

ചെറുകിട നെൽകൃഷിക്കാർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർവരെയും സൗജന്യ വൈദ്യുതി നൽകുന്നതിന് 2014-15 സാമ്പത്തിക വർഷം 3279 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2013-14-ലെ കടിശ്ശിക നികത്തുന്നതിന് പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 904.8928 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7 )

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

വിഹിതം :103,20,00,000 രൂപ (പദ്ധതിയേതരം)

2 ഹെക്ടർവരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പ്രസ്തുത പദ്ധതിയിൽ രണ്ട് ഘട്ടങ്ങളിലായി അംഗങ്ങളായിട്ടുള്ള 313979 കർഷകർക്ക് 2014 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 500 രൂപ നിരക്കിലും രണ്ടാം ഘട്ടമായി അനുമതി നൽകിയ പദ്ധതി ഗുണഭോക്താക്കൾക്ക് 2013-14 സാമ്പത്തിക വർഷം അർഹമായ പെൻഷൻ നൽകുന്നതിനും 2014 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ച നിരക്കായ 600 രൂപ നിരക്കിലും പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 19386.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

2401-00-191-50—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 44,000 രൂപ (പദ്ധതിയേതരം)

2401-00-192-50—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 39,60,000 രൂപ (പദ്ധതിയേതരം)

2401-00-198-50—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 12,03,40,000 രൂപ (പദ്ധതിയേതരം)

നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 1,000 രൂപ നിരക്കിൽ നൽകിവരുന്ന നെൽകൃഷി ഉല്പാദന ബോണസ് മുൻകാല പ്രാബല്യത്തോടെ നൽകുന്നതിന് സ.ഉ. നമ്പർ (എംഎസ്.)2/2014 കൃഷി തീയതി 3-1-2014 പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ ഈ ശീർഷകങ്ങളിൽ ആകെ വകയിരുത്തിയിരിക്കുന്ന 1243.44 ലക്ഷം രൂപയ്ക്കു പുറമേ 1933.86817 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

4435-01-101-97—ആർ.ഐ.ഡി.എഫ്. പദ്ധതികൾ

വിഹിതം : ഇല്ല

ആർ.ഐ.ഡി.എഫ്.-ന്റെ കീഴിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനായി പ്രസ്തുത ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## പൊതു ശിപാർശ

2014-15 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ ശീർഷകം അനുവദിക്കാത്തതുമായ പദ്ധതികൾ താഴെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | ബജറ്റിൽ പ്രഖ്യാപിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗാരന്റിയും വിലനിർണ്ണയ അവകാശവും | 5000 |
| 2 | കേരളത്തെ ഹൈ-ടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തുന്നതിനുള്ള അഗ്രിമിഷൻ രൂപീകരണം | 20000 |
| 3 | കാർഷികോത്പന്ന വിപണനത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപവരെ പലിശരഹിത വായ്പ | 1000 |
| 4 | കാർഷിക വികസന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് | 2500 |
| 5 | അത്യുല്പാദനശേഷിയുള്ള വിത്ത്/തൈ ഉൽപ്പാദന കേന്ദ്രങ്ങൾ | 1500 |
| 6 | പാഴ്വസ്തുക്കളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ | 100 |
| 7 | വെർട്ടിക്കൽ ഫാമിംഗ് | 100 |
| 8 | ന്യായവില നൽകി കാർഷികോൽപ്പന്നങ്ങളുടെ സംഭരണം | 1000 |
| 9 | ഗ്ലോബൽ അഗ്രി മീറ്റ് | 25 |

| (1) | (2) | (3) |
|---|---|---|
| 10 | കർഷക നൈപുണ്യ അവാർഡ് | 100 |
| 11 | സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്ര സഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുന്നതിന് | 500 |
| 12 | നിറവ് | 500 |
| 13 | പ്രാദേശിക കൃഷി ഡയറക്ടറേറ്റ്, കണ്ണൂർ | 25 |
| 14 | മാതൃകാ ഹൈ-ടെക് ഹരിത ഗ്രാമങ്ങൾ (2013-14-ലെ പ്രഖ്യാപനം) | 4200 |
| 15 | അഗ്രി ബയോപാർക്ക് (2013-14-ലെ പ്രഖ്യാപനം) | 1000 |
| | ആകെ | 37550 |

(ഖണ്ഡിക 13)

മേൽ വിവരിച്ച പദ്ധതികൾക്കായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 37550 ലക്ഷം രൂപയും നിറവ് എന്ന പദ്ധതിയിൽ 40 നിയോജകമണ്ഡലങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ ആയതിനായി പ്രഖ്യാപിച്ച 500 ലക്ഷം രൂപയ്ക്ക് പുറമേ 3500 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 41050 ലക്ഷം രൂപ പുതിയ ശീർഷകങ്ങൾ അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്

2402-00-101-84—പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണം

വിഹിതം : ഇല്ല

പദ്ധതി രൂപരേഖകൾ തയ്യാറാക്കുന്നതിനാവശ്യമായ വിവരശേഖരണത്തിനായി ഓരോ പഞ്ചായത്തിലെയും ഭൂപ്രകൃതി, മണ്ണിന്റെ സ്വഭാവം എന്നിവ പഠിക്കുന്നതിനും രാസപരിശോധനകൾ നടത്തി സമാന മണ്ണിനങ്ങൾ കണ്ടെത്തി വർഗ്ഗീകരണം നടത്തി 1:5000 സ്കെയിലുള്ള ഭൂപടങ്ങളിൽ രേഖപ്പെടുത്തുന്നതിനും, പ്രസ്തുത വിവരങ്ങൾ ഉപയോഗിച്ച് ഓരോ പഞ്ചായത്തിലെയും ഭൂക്ഷമത, ജലസേചന ക്ഷമത, ഭൂവിനിയോഗം,

ഫലഭ്രുയിഷ്ഠത, പരിപാലനമുറകൾ എന്നീ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടുകളും ഭൂപടങ്ങളും തയ്യാറാക്കുന്നതിനുമായുള്ള ഈ പദ്ധതി, കർഷകർക്കും ഗവേഷകർക്കും കാർഷിക മേഖലയിലെ പദ്ധതി രൂപീകരണത്തിനാവശ്യമായ വിവരങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിലെ 26-ഉം തൃശ്ശൂർ ജില്ലയിലെ 88-ഉം പഞ്ചായത്തുകളിൽ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലായതിനാലും കാർഷിക വികസന പദ്ധതികളും ഗവേഷണ പദ്ധതികളും ആസൂത്രണം ചെയ്യുന്നതിന് ഉപകാരപ്രദമായ ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനായും 2014-15 സാമ്പത്തിക വർഷത്തേക്ക് 40 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

2402-00-101-83—സോയിൽ മ്യൂസിയം

വിഹിതം : ഇല്ല

കേരളത്തിലെ വ്യത്യസ്തത പുലർത്തുന്ന പ്രധാന മണ്ണിനങ്ങളെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവർക്കും നേരിട്ട് മനസ്സിലാക്കുവാനാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് പ്രവർത്തനമാരംഭിച്ചത്. കേരളത്തിലെ പ്രധാനപ്പെട്ട 82 മണ്ണിനങ്ങളുടെ പരിച്ഛേദികകൾ, ധാതുക്കൾ, ശിലകൾ, നീർത്തടത്തിന്റെ പ്രവർത്തന മാതൃക, മണ്ണ് ജല പ്രവർത്തന മാതൃകകൾ, എല്ലാ ജില്ലകളുടെയും സോയിൽ മാപ്പുകൾ, നീർത്തട മാപ്പുകൾ എന്നിവ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. സോയിൽ ഇൻഫർമേഷൻ സെന്ററും റഫറൻസ് സെക്ഷനും മണ്ണിനെ കുറിച്ചുള്ള ലഘു ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന മിനി തിയേറ്ററും മ്യൂസിയത്തിൽ ഒരുക്കിയിട്ടുണ്ട്. മണ്ണുസംരക്ഷണ വകുപ്പിന്റെ മുൻ വർഷങ്ങളിൽ വകയിരുത്തിയ പദ്ധതിവിഹിതം ഉപയോഗിച്ചാണ് പ്രസ്തുത മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണം നടത്തിയത്. മ്യൂസിയത്തിന്റെ തുടർപ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളത്തിനുമായി 2014-15 സാമ്പത്തിക വർഷത്തേക്ക് 140 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവമൂലം കൃഷിനാശം സംഭവിക്കുന്ന പ്രദേശങ്ങളുടെ ശാസ്ത്രീയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 300 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉരുൾപൊട്ടൽമൂലം ഭൂമിയും കൃഷിയിടങ്ങളും

നഷ്ടപ്പെട്ടവരുടെ കൃഷിയിടങ്ങൾ പുനഃകൃഷി സാധ്യമാകുന്നതരത്തിൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതത്തിനു പുറമേ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

4402-00-800-80—ഡ്രെയിനേജ്—വെള്ളപ്പൊക്ക സംരക്ഷണ പദ്ധതി ആർ.ഐ.ഡി.എഫ്. XVI

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

വയനാട് ജില്ലയിലെ ചെക്ക് ഡാം പദ്ധതി നിർവ്വഹണത്തിനും KLDC-യുടെ ഡ്രെയിനേജ് പദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2014-15 വർഷത്തേക്ക് 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

## പൊതു ശിപാർശ

### വ്യക്തിഗത പുരയിടങ്ങളിലെയും പാടശേഖരങ്ങളിലെയും മണ്ണ്-ജലസംരക്ഷണ പദ്ധതി

മണ്ണ് പര്യവേഷണ വകുപ്പ് നടത്തിയ പരിശോധനയിൽ ചില വ്യക്തിഗത പുരയിടങ്ങളിൽ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണെന്ന് കണ്ടെത്താറുണ്ടെങ്കിലും, വകുപ്പ് നടപ്പിലാക്കിവരുന്ന വാട്ടർഷെഡ് പദ്ധതികളുടെ പരിധിയിൽ ഈ പ്രദേശങ്ങൾ ഉൾപ്പെടാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും ഈ പ്രദേശങ്ങളിൽ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സാധ്യമാകാറില്ല എന്നും, ഇത്തരത്തിൽ ചിതറിക്കിടക്കുന്ന പ്രദേശങ്ങളിൽ അവശ്യംവേണ്ട മണ്ണു-ജലസംരക്ഷണ പദ്ധതികളെ അവലംബിച്ച് അവയെ കൃഷി യോഗ്യമാക്കിയാൽ മാത്രമേ കേരളത്തിന്റെ കാർഷിക വളർച്ചയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം പൂർണ്ണരൂപത്തിൽ സ്വായത്തമാക്കാൻ സാധിക്കൂ എന്നും സമിതി മനസ്സിലാക്കുന്നു. ഇതിലേക്കായി വ്യക്തിഗത പുരയിടങ്ങളിലെ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്ന പുതിയ പദ്ധതിക്കായി പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിൻകീഴിൽ പാടശേഖരസമിതികളുടെയും 5 ഏക്കർവരെ കൃഷിഭൂമിയുള്ള കർഷകരുടെയും കൃഷിയിടങ്ങളിലെ മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല

2415-05-277-99—കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

വിഹിതം : 27,00,00,000 രൂപ (പദ്ധതി)

8,94,00,000 രൂപ (പദ്ധതിയേതരം)

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ പനങ്ങാട്ടുള്ള ആസ്ഥാനത്തിന്റെയും പുതുവൈപ്പിനിലെ ഫിഷറീസ് സ്റ്റേഷന്റെയും തിരുവല്ലം കാമ്പസിലെയും താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾക്കായി അധിക തുക ആവശ്യമാണ്:

*(ലക്ഷം രൂപയിൽ)*

| | | |
|---|---|---|
| 1. | പുതുവൈപ്പിൻ കാമ്പസിൽ രണ്ട് സ്കൂളുകൾ, ലൈബ്രറികൾ, ഹോസ്റ്റൽ എന്നിവ | 1000 |
| 2. | മത്സ്യബന്ധന ബോട്ട് വാങ്ങുന്നതിന് | 100 |
| 3. | സെമിനാർ സമുച്ചയം(ആസ്ഥാന കേന്ദ്രം) | 100 |
| 4. | അമിനിറ്റി സെന്റർ | 100 |
| 5. | റസിഡൻഷ്യൽ ഫ്ളാറ്റ്-ആസ്ഥാന കേന്ദ്രം | 100 |
| 6. | കോമ്പൗണ്ട് വാൾ നിർമ്മാണം (പുതുവൈപ്പിൻ) | 100 |
| 7. | കണ്ടൽ ഗവേഷണ കേന്ദ്രം-പുതുവൈപ്പിൻ | 50 |
| 8. | ഇൻസ്ട്രക്ഷണൽ ഫാം പരിഷ്ക്കരിക്കുന്നതിന് | 200 |
| 9. | ബയോഗ്യാസ്, സോളാർ യൂണിറ്റുകൾ എന്നിവയ്ക്ക് | 100 |
| 10. | കാമ്പസ് വികസനം | 100 |
| 11. | കോമ്പൗണ്ട് വാൾ (തിരുവല്ലം കാമ്പസ്) | 100 |
| 12. | ബിരുദാനന്തര കോഴ്സുകൾക്കും പി.എച്ച്.ഡി. പരിപാടികൾക്കും | 200 |
| 13. | ഡയറക്ടറേറ്റ് ഓഫ് റിസർച്ച് & എക്സ്റ്റെൻഷൻ | 200 |

| | | |
|---|---|---|
| 14. | മണ്ണ്-ജല ഗുണനിലവാര പരിശോധനയ്ക്കുള്ള പരീക്ഷണശാലയ്ക്കായി | 200 |
| 15. | കപ്പാസിറ്റി ബിൽഡിംഗ് കണ്ടൽവനവൽക്കരണം-എക്സ്റ്റെൻഷൻ | 50 |
| 16. | എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് | 50 |

മേൽ വിവരിച്ച പരിപാടികൾക്കുള്ള വിഹിതമായി പദ്ധതിയിനത്തിൽ ആകെ 2750 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളം, യു.ജി.സി. കുടിശ്ശിക, പ്രോവിഡന്റ് ഫണ്ട് ബാലൻസ്, ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ, സറണ്ടർ തുടങ്ങിയ പദ്ധതിയേതര ചെലവുകൾക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ആയതിലേക്ക് 1786 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2415-03-277-99—കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

വിഹിതം : 35,00,00,000 രൂപ (പദ്ധതി)

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിൽ 2014-15 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ഗവേഷണം, വിദ്യാഭ്യാസം, ഫാമുകളുടെ വികസനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഭക്ഷണം, വിജ്ഞാന വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾക്കു വേണ്ടിവരുന്ന അധിക ബാധ്യത കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

2415-03-277-99-31—കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സഹായധനം—ശമ്പളം

വിഹിതം: 53,65,20,000 രൂപ (പദ്ധതിയേതരം)

കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെത്തുടർന്ന് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലേക്ക് നിയമിതരായ അദ്ധ്യാപക/അനദ്ധ്യാപക, തൊഴിലാളി വിഭാഗങ്ങളുടെ പി.എഫ്., ശമ്പള പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങൾക്കായി ആകെ 2833 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

2435-00-800-99—മാർക്കറ്റ് വികസനം

വിഹിതം : 13,55,00,000 രൂപ (പദ്ധതി)

വിവരസാങ്കേതികവിദ്യയുടെ വികസനത്തിനായി കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

6408-02-190-98—ആർ.ഐ.ഡി.എഫ്. XVII നകീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം : ഇല്ല

കേന്ദ്ര സർക്കാരിന്റെ നബാർഡ് ധനസഹായത്തോടുകൂടി 2012-13-ലേക്ക് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഇപ്പോഴുള്ള ഗോഡൗണുകളുടെ നവീകരണത്തിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഗോഡൗണുകളുടെ നിർമ്മാണത്തിനും മറ്റുമായി 119.44 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രാരംഭ നിർമ്മാണത്തിനായി 22.66 കോടി രൂപ നബാർഡിൽ നിന്നും അനുവദിച്ചതിൽ 11.33 കോടി രൂപ ഗവൺമെന്റിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി അനുവദിച്ചതിന്റെ ബാക്കി തുകയായ 1133 ലക്ഷം രൂപ കൂടി RIDF XVII ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

കൂടാതെ മുതലമടയിൽ മാമ്പഴം സൂക്ഷിക്കുന്നതിനായുള്ള ഗോഡൗണിന് ശീതീകരണ സൗകര്യം ഒരുക്കുന്നതിനായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

## കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

2403-00-190-94—കെ.എസ്.പി.ഡി.സി.ക്ക് സഹായം

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

### ഗ്രാമീണ മേഖലയിലെ കോഴിവളർത്തൽ പദ്ധതി

ഈ പദ്ധതി നടപ്പിലാക്കിയശേഷം 2011-12-ൽ 50 കോടി കോഴിമുട്ട അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുള്ളതായും കേരളത്തിലെ വനിതകൾക്ക് അധികവരുമാനം നേടാൻ വഴിയൊരുക്കിയതായും കോഴിമുട്ട ഇറക്കുമതി തത്ഫലമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഗുണഭോക്താക്കളായ കർഷകർക്ക് കോഴികൾ, മരുന്ന്, തീറ്റ എന്നിവ സൗജന്യമായി ലഭ്യമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ ആഭ്യന്തര മുട്ടയുല്പാദനം വർദ്ധിപ്പിച്ച് ഈ രംഗത്ത്

സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തേക്ക് 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**കാസറഗോഡ് ജില്ലയിൽ പുതിയ ബ്രീഡർ ഫാം**

പ്രതിമാസം 5 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കാസറഗോഡ് ജില്ലയിൽ ഒരു ആധുനിക ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതായും ആയതുവഴി ഓരോ മാസവും ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികളുടെ എണ്ണം കുറച്ച് സംസ്ഥാനത്തിന്റെ വരുമാനനഷ്ടം കുറയ്ക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഫാം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് 2014-15-ൽ വകയിരുത്തിയ തുകയ്ക്കുപുറമെ 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**കെപ്കോ നഗരപ്രിയ**

നഗരപ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുക, പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കെ.എസ്.പി.ഡി.സി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനപ്രിയ പദ്ധതിയാണ് കെപ്കോ നഗരപ്രിയ. 2014-15 സാമ്പത്തിക വർഷത്തിൽ ഏകദേശം 6000 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ഈ പദ്ധതിക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

**കുടപ്പനക്കുന്ന്, കൊട്ടിയം, മാള ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്**

സംസ്ഥാനത്തിന്റെ വാർഷിക ആഭ്യന്തര മുട്ട ഉപഭോഗം ഏകദേശം 500 കോടിയും ആഭ്യന്തര ഉത്പാദനം ഏകദേശം 189 കോടി മുട്ടയുമാണെന്നിരിക്കവേ, കൊട്ടിയം, മാള, കുടപ്പനക്കുന്ന് എന്നീ ഹാച്ചറികളുടെ കോഴിക്കുഞ്ഞ് ഉത്പാദനം വർദ്ധിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിലൂടെ മുട്ട ഉത്പാദനത്തിൽ വർദ്ധനവ് വരുത്തുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. 2014-15-ൽ 1 കോടി കോഴിക്കുഞ്ഞുങ്ങളെ പ്രസ്തുത ഫാമുകൾവഴി അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതിനാൽ ആയതിനായി വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

### കോഴിയിറച്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്

ഏറെ ജനപ്രീതി നേടിയ കെപ്കോ കോഴിയിറച്ചി ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ ഉപഭോക്താക്കൾക്ക് മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇതര ജില്ലകളിലും കെപ്കോ കോഴിയിറച്ചിയുടെ ലഭ്യത ഉറപ്പുവരുത്തണമെന്ന ആവശ്യം ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ഭാഗത്തുനിന്നും ശക്തമായിക്കൊണ്ടിരിക്കുകയാണ്. ഇതിന് കടപ്പനക്കുന്നിൽ ആധുനിക രീതിയിലുള്ള ഒരു പുതിയ ഓട്ടോമാറ്റിക് മാംസസംസ്കരണ കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നു. മൊത്തം 600 ലക്ഷം രൂപ ഈ പ്ലാന്റിന്റെ പൂർത്തീകരണത്തിന് ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനായി 300 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

### കോഴിത്തീറ്റ നിർമ്മാണത്തിന് ഒറ്റത്തവണ ധനസഹായം

കേരളത്തിലെ കോഴിവളർത്തൽ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായ ഗുണനിലവാരമുള്ള കോഴിത്തീറ്റയുടെ ദൗർലഭ്യത്തിന് ഒരു പരിഹാരം എന്ന നിലയിൽ മാളയിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്ന ഓട്ടോമാറ്റിക് ഫീഡ് മിക്സിംഗ് പ്ലാന്റിന്റെ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും, തീറ്റ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ല. ആകയാൽ ഈ ആവശ്യത്തിന് ഒറ്റത്തവണ സഹായമായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

### പൗൾട്രി പാർക്ക്/പൗൾട്രി എസ്റ്റേറ്റ്

അട്ടപ്പാടി മേഖലയുടെ സമഗ്രവികസനം എന്ന ലക്ഷ്യം മുൻനിർത്തി അട്ടപ്പാടിയിൽ ഒരു പൗൾട്രി എസ്റ്റേറ്റ്/പൗൾട്രി പാർക്ക് സ്ഥാപിക്കുന്നതിന് ആകെ ആവശ്യമായ 12 കോടി രൂപയിൽ പ്രാരംഭപ്രവർത്തനങ്ങൾക്കുവേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിനായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

### മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്

2403-00-190-93—എം.പി.ഐ.യ്ക്ക് സഹായം

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

25,00,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ഓഫീസ് ആധുനികവൽക്കരണത്തിനും സോഫ്റ്റ്‌വെയർ വിപുലീകരണത്തിനുമായി 50 ലക്ഷം രൂപയും വിപണിയിൽ എം.പി.ഐ.യുടെ സാന്നിദ്ധ്യം

ശ്രദ്ധേയമാക്കുന്നതിന് പരസ്യം നൽകുന്നതിന് 35 ലക്ഷം രൂപയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഇനത്തിൽ ജീവനക്കാരുടെ 45 വർഷം പഴക്കമുള്ള ക്വാർട്ടേഴ്സുകളും മറ്റടിസ്ഥാന സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിനുമായി 125 ലക്ഷം രൂപയും മുണ്ടയാട് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കോഴിയിറച്ചി സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയും ചാലക്കുടിയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ആധുനിക മാംസസംസ്കരണ പദ്ധതിക്ക് അധികമായി 185 ലക്ഷം രൂപയും ചേർത്ത് ആകെ 495 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

6403-00-190-99-02—എം.പി.ഐ.യുള്ള വായ്പാ ധനസഹായം (ആർ.ഐ.ഡി.എഫ്.)

വിഹിതം : ഇല്ല

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്കുള്ള വായ്പ എന്ന ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ അനുവദിച്ച 190 ലക്ഷം രൂപയിൽ 27 ലക്ഷം രൂപ കുടിശ്ശികയായി ലഭ്യമാക്കാനുണ്ടെന്ന് മനസ്സിലാക്കിയതിനാൽ ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

6403-00-190-98—മീറ്റ് പ്രോസസ്സിംഗ് പ്ലാന്റും ആധുനിക അറവുശാലയും സ്ഥാപിക്കുന്നതിന് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള വായ്പ (നബാർഡ് 15-ാം ആർ.ഐ.ഡി.എഫ്. പദ്ധതി)

വിഹിതം : ഇല്ല

2010-11 സാമ്പത്തിക വർഷം വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ ഇതുവരെ 925.80 ലക്ഷം രൂപ മേൽപ്പറഞ്ഞ സൊസൈറ്റിക്ക് നൽകിക്കഴിഞ്ഞു. 39.71 ലക്ഷം രൂപയ്ക്ക് ബഡ്ജറ്റിൽ തുക അധികമായി ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 34.49 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

6403-00-190-99-01—മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്കുള്ള വായ്പ

വിഹിതം : ഇല്ല

ഇടയാറിലെ ആധുനിക മാംസസംസ്കരണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും 1436 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ്. വിഹിതമായി 649 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കേണ്ട 642 ലക്ഷം രൂപയിൽ 150 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ 2013-14-ൽ അനുവദിച്ചിട്ടുള്ളത്. സംസ്ഥാന വിഹിതത്തിലെ ബാക്കി തുകയായ 492 ലക്ഷം രൂപ കൂടി ഗ്രാന്റ്-ഇൻ-എയ്ഡായി 2014-15-ൽ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

## കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

ഈ ശീർഷകത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്കായി ആകെ 2000 ലക്ഷം രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു:

(ഖണ്ഡിക 47)

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവാങ്ങൂരിൽ പ്രതിദിനം 300 ടൺ ഉല്പാദനശേഷിയുള്ള ഒരു ഹൈ-ടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള ധനസഹായമായി 800 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

ഇടുക്കി പാക്കേജിന്റെ ഭാഗമായി 500 ടൺ ഉല്പാദനശേഷിയുള്ള ഒരു ഹൈ-ടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കുള്ള വിഹിതമായി 700 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സമീകൃത കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഫീഡ് അനലിറ്റിക്കൽ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള വിഹിതമായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

മലപ്പുറം, ആതവനാട് ആരംഭിക്കുന്ന 300 ടൺ ഉല്പാദനശേഷിയുള്ള സന്തുലിത ധാതുലവണ മിശ്രിത യൂണിറ്റിനുള്ള വിഹിതമായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

കേന്ദ്ര ഗവൺമെന്റിന്റെ വനിത ശിശുക്ഷേമ വകുപ്പ് മുഖാന്തിരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10000 വനിതകൾക്ക് ആട് വിതരണം ചെയ്യുന്ന പദ്ധതിക്കുള്ള വിഹിതമായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

6403-00-190-96—കോഴിക്കോട് തിരുവാങ്ങൂർ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ (നബാർഡ് ആർ.ഐ.ഡി.എഫ്.)

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

കോഴിക്കോട് ചേമഞ്ചേരി കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

6403-00-190-95—ഇടുക്കി തൊടുപുഴ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ (ആർ.ഐ.ഡി.എഫ്.)

വിഹിതം : ഇല്ല

ഇടുക്കി അരീക്കഴിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയായി ഈ ശീർഷകത്തിൽ 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

6403-00-190-94—കോഴിക്കോട് തിരുവാങ്ങൂർ കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിനുള്ള വായ്പ—സംസ്ഥാന വിഹിതം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കോഴിക്കോട് ചേമഞ്ചേരിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പയായി ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്

2403-00-190-83—കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം : 17,00,00,000 രൂപ (പദ്ധതി)

ഈ ശീർഷകത്തിൽ താഴെ വിവരിക്കുന്ന പദ്ധതികൾക്കായി 2014-15ൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു:

(ഖണ്ഡിക 56)

### കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം

2014-15 സാമ്പത്തിക വർഷത്തിൽ കെ.എൽ.ഡി. ബോർഡിന്റെ 5 കന്നുകാലി ഫാമുകളിൽ ഇടുക്കിയിലെ മാട്ടുപ്പെട്ടി, പാലക്കാട് ജില്ലയിലെ ധോണി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ബുൾ സ്റ്റേഷനുകളിലെ ക്യാറ്റിൽ ഷെഡ്ഡുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ക്വാർട്ടേഴ്സുകൾ റിപ്പയർ ചെയ്യുക, കൂടുതൽ തീറ്റപ്പുൽ ഉണ്ടാക്കുന്നതിനാവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തുക, ജലസേചന സൗകര്യം മെച്ചപ്പെടുത്തുക, കന്നുകാലി പരിപാലനം തുടങ്ങിയവ ഉൾപ്പെടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 240 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 57)

## ഫീൽഡ് പെർഫോമൻസ് റിക്കോർഡിംഗ്വഴി നൂതന വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി

ഫീൽഡ് പെർഫോമൻസ് റിക്കോർഡിംഗ് പ്രോഗ്രാം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന പശുക്കളിൽ രാവിലെയും വൈകിട്ടുമുള്ള പാലുൽപ്പാദനം രേഖപ്പെടുത്തുന്നതാണ്. 100-ഓളം ബീജധാന കേന്ദ്രങ്ങളിലായി 40000 പശുക്കളെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഈ പശുക്കളുടെ ആദ്യകറവക്കാലത്തെ പാലുല്പാദനം ആദ്യം രേഖപ്പെടുത്തുന്നു. ഇതിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച പശുക്കളുടെമാത്രം പിന്നീടുള്ള കറവക്കാലത്തെ പാലുല്പാദനം രേഖപ്പെടുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമാകുന്ന ഓരോ കർഷകനും ഒരു പശുവിന് ഒരു ദിവസത്തേക്ക് 1 കി.ഗ്രാം കാലിത്തീറ്റ നിരക്കിൽ പദ്ധതിവിഹിതം ഉപയോഗിച്ച് നൽകുന്നതാണ്. ഇത് കർഷകന്, ഈ പദ്ധതിയുടെ ഭാഗമാകാനുള്ള ഒരു പ്രോത്സാഹനമാവുന്നതോടൊപ്പം സംസ്ഥാനത്തിന്റെ ആകെ പാലുല്പാദനം വർദ്ധിക്കുന്നതിനും കാരണമാകുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമാകുന്ന വെറ്ററിനറി ഡോക്ടർമാർക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഹോണറേറിയം നൽകുന്നതാണ്. 2014-15 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 3000 പശുക്കുട്ടികളെ രജിസ്റ്റർ ചെയ്യുവാനും 2500 പശുക്കളുടെ പാലുല്പാദന വിവരങ്ങൾ ശേഖരിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപയ്ക്കു പുറമേ 37 ലക്ഷം രൂപ കൂടി ആവശ്യമായി വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ ആകെ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

2405-00-103-97—മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

വിഹിതം : 3,30,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിലെയും ഫിഷ് ലാന്റിംഗ് സെന്ററുകളിലെയും ജീവനക്കാരുടെ വേതനത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

2405-00-103-91—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

കേരള സമുദ്ര മത്സ്യബന്ധന നിയമം നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 2014-2015 സാമ്പത്തിക വർഷത്തേക്ക് 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

2405-00-103-90—മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷ (90% കേന്ദ്രാവിഷ്കൃതം)

വിഹിതം : ഇല്ല

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തെരഞ്ഞെടുത്ത 250 യന്ത്രവൽകൃത ബോട്ടുകൾക്ക് AIS, GPS, ഹോളോഗ്രാഫിക് പ്ലേറ്റ്സ്, ബീക്കൺ, എക്കോസൗണ്ടർ എന്നിവ നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം

വിഹിതം : 22,00,00,000 രൂപ (പദ്ധതിയേതരം)

2013 സെപ്റ്റംബർ മുതലുള്ള മത്സ്യത്തൊഴിലാളി പെൻഷൻ തുക കുടിശ്ശികയായിട്ടുള്ളതും പെൻഷൻകാരുടെ എണ്ണത്തിലുണ്ടായ വർദ്ധനയും പെൻഷൻ തുകയിലുണ്ടായ 100 രൂപയുടെ വർദ്ധനയും കണക്കിലെടുത്ത് 2014-15 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 2120 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

2405-00-800-75—മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% css)

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

2014-15 സാമ്പത്തിക വർഷം 1,200 രൂപ തോതിൽ 1.8 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2160 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 160 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

2014-2015 സാമ്പത്തിക വർഷത്തിൽ 76480 അനുബന്ധ മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യേണ്ടതിനാലും പ്രീമിയം നിരക്ക് കുറഞ്ഞത് 155 രൂപയും ടാക്സും ആകാൻ സാദ്ധ്യതയുള്ളതിനാലും ഈ ശീർഷകത്തിൽ 33.84 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

2405-00-800-30—കട്ടങ്ങല്ലൂർ അക്വാ ടെക്നോളജി പാർക്ക്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

കട്ടങ്ങല്ലൂരിലെ അക്വാ ടെക്നോളജി പാർക്ക് പുനരുദ്ധരിക്കുന്നതിനായി 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

2405-00-800-29—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

മത്സ്യ ടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും ലക്ഷ്യമിട്ട് എറണാകുളത്ത് പുതുവൈപ്പിൽ ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും സ്ഥാപിക്കുന്നതിനായുള്ള പദ്ധതിക്ക് മലിനീകരണ ബോർഡിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും അനുമതി ലഭിച്ചിട്ടുണ്ടെന്നും പരിസ്ഥിതി ആഘാതപഠനം പൂർത്തിയായതായും സമിതി മനസ്സിലാക്കുന്നു. ആയതിനായി 2014-15 സാമ്പത്തികവർഷം വകയിരുത്തിയ ടോക്കൺ പ്രൊവിഷനു പുറമേ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

2405-00-800-28—കേരള മത്സ്യ അനുബന്ധത്തൊഴിലാളി ക്ഷേമ സെസ് ആക്ട് 2007 പ്രകാരം പിരിച്ചെടുത്ത സെസ് തുക കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് മാറ്റുന്നത്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമ സെസ് ആക്ട് 2007 പ്രകാരം പിരിച്ചെടുത്ത സെസ് തുക കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് മാറ്റുന്നതിനുള്ള ചെലവിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

2405-00-800-27—മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

വിഹിതം : 50,00,000 രൂപ (പദ്ധതി)

2014-2015 സാമ്പത്തിക വർഷം എറണാകുളം ജില്ലയിലെ മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 185 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

2405-00-800-21—കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് 15000 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

2405-00-800-09—നാടൻവള്ളങ്ങളുടെ ആധുനികവൽക്കരണം (50% കേന്ദ്ര സഹായം)

വിഹിതം : 40,00,000 രൂപ (പദ്ധതി)

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.ക്ക് താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് പരമാവധി 30,000 രൂപ വരെ സബ്സിഡിയായി നൽകുന്ന പദ്ധതിയാണിത്. മത്സ്യഫെഡുവഴി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്കായി ഈ ശീർഷകത്തിൽ ലഭ്യമാക്കിയ തുക എല്ലാ അപേക്ഷകർക്കും സഹായം ലഭ്യമാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തിക വർഷം 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

വിഹിതം : 50,00,000 രൂപ (പദ്ധതി)

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യതൊഴിലാളികൾക്ക് മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ നൽകുന്നതിനുള്ള പദ്ധതിയാണിത്. മുൻവർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുഴുവൻ തുകയും അനുവദിച്ചുകിട്ടിയിട്ടില്ല. ആയതിനാൽ 2012-2013, 2013-2014 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടേയും 2014-2015 വർഷത്തിൽ നടപ്പിലാക്കേണ്ട ഐ.എഫ്.ഡി.പി. 2013-2014 പദ്ധതിയുടേയും പൂർത്തീകരണത്തിനായി 1471.64 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

4405-00-104-91—പൊന്നാനി മത്സ്യബന്ധന തുറമുഖം (50% CESS)

വിഹിതം : ഇല്ല

പൊന്നാനി മത്സ്യബന്ധന തുറമുഖത്തിൽ നിർമ്മിച്ച ഫിഷ് സ്റ്റോറേജ് ഷെഡിന്റെ ബിൽ കൊടുത്തുതീർക്കുന്നതിനായി 12 ലക്ഷം രൂപയും പുതിയതായി പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് സ്റ്റോറേജ് ഷെഡിന്റെ നിർമ്മാണച്ചെലവിനായി 220 ലക്ഷം രൂപയും ചേർത്ത് 232 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രസഹായം)

വിഹിതം : ഇല്ല

തലായി മത്സ്യബന്ധന തുറമുഖ പദ്ധതി നിർമ്മാണത്തിനായി 3510.59 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട്-കം-റിവൈസ്ഡ് എസ്റ്റിമേറ്റ് ഡൽഹിയിൽ കൂടിയ പ്രോജക്ട് സാംഗ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 2014-2015 വർഷം ഈ പദ്ധതി പൂർത്തീകരിക്കുന്നതിനായി 800 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

വിഹിതം : 50,00,000 രൂപ (പദ്ധതി)

പതിയാങ്കര, പുതിയങ്ങാടി, പരപ്പനങ്ങാടി, പുന്നപ്ര, പൂന്തുറ, അഴീക്കൽ എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നതിനാൽ, പ്രസ്തുത പഠനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് 107 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ബാക്കിനിൽക്കുന്ന ഡ്രെഡ്ജിംഗ്, റിക്ലമേഷൻ, അനുബന്ധ പ്രവൃത്തികൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

4405-00-104-76—സാമ്പ്രാണിക്കോടി, മുഹമ്മ, ബേക്കൽ ഇൻലാന്റ് ഫിഷ് ലാന്റിംഗ് സെന്ററുകൾ

വിഹിതം : ഇല്ല

മുറിഞ്ഞപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 35.7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

4405-00-104-71—മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര സഹായം)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം, വാർഫ്, ലേലപ്പുര തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

4405-00-104-70—വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര സഹായം)

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ട്, വാർഫ്, ലേലപ്പുര തുടങ്ങിയവയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

4405-00-104-69—പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം (75%കേന്ദ്ര വിഹിതം)

വിഹിതം :ഇല്ല

പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 2014-2015 സാമ്പത്തികവർഷം 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

4405-00-104-68—താനൂർ മത്സ്യബന്ധന തുറമുഖം (75%കേന്ദ്ര വിഹിതം)

വിഹിതം :10,00,00,000 രൂപ (പദ്ധതി)

താനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

4405-00-104-64—അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (75%കേന്ദ്ര വിഹിതം)

വിഹിതം :10,00,00,000 രൂപ (പദ്ധതി)

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

4405-00-104-62—കടലോര മത്സ്യബന്ധന അടിസ്ഥാനസൗകര്യം, മത്സ്യബന്ധനത്തിനുശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്ര വിഹിതം)

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ ആഴംകൂട്ടി ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 2091 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

## പൊതു ശിപാർശകൾ

### മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി മത്സ്യഫെഡുവഴി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി പ്രതിമാസം നിശ്ചിതതോതിൽ സബ്സിഡി നിരക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ ഓയിൽ കമ്പനികളിൽ നിന്നും വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്നതുവഴി മത്സ്യതൊഴിലാളികൾക്ക് കൂടുതൽ ആശ്വാസമെത്തിക്കാൻ സാധിക്കും. സമുദ്രോല്പന്ന കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് ഗണ്യമായ തോതിൽ വിദേശനാണ്യം നേടിത്തരുന്നതിൽ ഏറ്റവും നിർണ്ണായകമായ പങ്കുവഹിക്കുന്ന സമൂഹത്തിലെ നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള ഈ പദ്ധതിക്കായി 2014-2015 ബഡ്ജറ്റ് പ്രസംഗത്തിൽ 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്കായി പ്രതിവർഷം 155 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ ഈ പദ്ധതിക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിൽ 2014-2015 വർഷത്തേക്ക് 15500 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

### മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദനവർദ്ധനവിനും വരുമാനവർദ്ധനവിനുമായി ഉൽപ്പാദന ബോണസ്

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമിക സഹകരണ സംഘങ്ങൾവഴി മത്സ്യബന്ധനോപകരണങ്ങൾ നൽകുകയും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ലേലം ചെയ്യുകയുമാണ് പ്രധാനമായും നടത്തിക്കൊണ്ടിരുന്നത്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് ശക്തമായ പ്രാഥമിക സഹകരണ സംഘങ്ങൾ രൂപപ്പെടുത്തി എടുക്കുക എന്നതും മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം ഉണ്ടാക്കുകയെന്നതും വളരെ പ്രധാനമാണ്. ഈ സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ്

നൽകുക എന്ന പദ്ധതിക്ക് മത്സ്യഫെഡ് രൂപം നൽകിയിരിക്കുന്നത്. ഇതിനായി 2014-2015-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്കായി പ്രതിവർഷം 10 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ ഇതിനായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും 2014-2015 സാമ്പത്തിക വർഷത്തേക്ക് 1000 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2015 ജൂലൈ 2.